

# ഒരു സൗഹൃദ മുന്നറിയിപ്പ്

## അപകടം!

ഒരു കാഴ്ചയില്ലാത്ത മനുഷ്യൻ കിഴുക്കാംതൂക്കായ ഒരു പാറയിടുക്കിലേക്ക് നടന്നുചെല്ലുന്നതു നിങ്ങൾ കണ്ടാൽ, അവനെ മുന്നറിയിക്കുന്നതിൽ വിമുഖത കാണിച്ചാൽ എന്തായിരിക്കും ഫലം? കടുംതൂക്കിന്റെ അടിയിൽ ജീവനറ്റ് ചിന്നിച്ചിതറിക്കിടക്കുന്ന ഒരു ശരീരം കാണുമ്പോൾ നിങ്ങൾക്കു വിഷമം തോന്നുകയില്ലേ?

ഈ വിധത്തിലുള്ള ഒരു മുന്നറിയിപ്പ് നിങ്ങൾക്കു നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവായ യേശുവിനെ രക്ഷകനായി സ്വീകരിക്കാതിരിക്കുന്ന പക്ഷം, പാറയിടുക്കിലേക്ക് വീഴുന്നതിനേക്കാൾ പരിതാപകരമായ ഒരു അവസ്ഥയിലേക്കായിരിക്കും നിങ്ങൾ ചെന്നെത്തുന്നത്! അത് ഒഴിവാക്കുവാൻ നിങ്ങൾക്ക് ആവില്ല: "ഒരിക്കൽ മരിക്കുകയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു" (എബ്രായർ 9:27).

## ശ്രദ്ധിക്കുക!

കടുംതൂക്കിലേക്ക് നടന്നു ചെല്ലുന്ന ആ മനുഷ്യനേപ്പോലെ നിങ്ങളും അപകടം തിരിച്ചറിയുവാൻ കഴിയാത്തവരാണ്. നിങ്ങളുടെ രക്ഷകനായിത്തീരുവാൻ ആഗ്രഹിക്കുന്ന കർത്താവായ യേശുക്രിസ്തു പറഞ്ഞു: "വിശ്വസിക്കാഞ്ഞാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും"(യോഹ 8:24). അവിടുന്നു പറയുന്നത് ശ്രദ്ധിക്കുക!

പാപം നിങ്ങളെ ദൈവത്തിൽ നിന്നും അകറ്റി നിറുത്തുന്നു: "നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രെ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്"(യെശയ്യാവ് 59:2). നിങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കാതെ മരിച്ചാൽ, ദൈവത്തിൽ നിന്ന് അകന്ന് എന്നെന്നേക്കുമായി ശിക്ഷ അനുഭവിക്കേണ്ടിവരും. ബൈബിളിൽ ഇതിനേക്കുറിച്ച് തെളിവായി പറയുന്നുണ്ട്: "പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ട്; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളൂ" (യോഹന്നാൻ 3:36).

## പരിവർത്തനം!

ഒരുപക്ഷേ നരകം എന്നൊരു സ്ഥലമില്ല എന്നു ചിന്തിക്കത്തക്കവണ്ണം സാത്താൻ നിങ്ങളെ വഞ്ചിട്ടുണ്ടായിരിക്കും. "സാത്താൻ ഭോഷ്ക്കു പറയുന്നവൻ" (യോഹ 8:44) ആണെന്നു ബൈബിളിൽ എഴുതിയിരിക്കുന്നു. യേശു സത്യമാണു പറയുന്നത്: "നരകം പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നി" (മത്തായി 25:41) അത്രേ. നിങ്ങൾ ആരെയാണു വിശ്വസിക്കുക? യേശുവിനെ നിങ്ങളുടെ രക്ഷകനായി സ്വീകരിച്ചാൽ സന്തോഷവും സമാധാനവും ലഭിക്കുമെന്നു മാത്രമല്ല, നരകത്തീയിൽ നിന്നും രക്ഷപ്പെടുമെന്നുള്ള ഉറപ്പു ലഭിക്കുകയും ചെയ്യും.

യേശുവിൽ ആശ്രയിച്ചാൽ ജീവിതത്തിനു ചില വ്യത്യാസം വരുത്തേണ്ടിവരും എന്നുള്ള ഭയം നിങ്ങൾക്ക് ഉണ്ടോ? അതുശരിയാണെങ്കിലും ഈ വ്യത്യാസങ്ങൾ "നിന്റെ ശരീരം മുഴുവൻ നരകത്തിൽ വീഴുന്നതിനേക്കാൾ"(മത്തായി 5:29) നന്നായിരിക്കുമെന്ന് യേശു പറയുന്നു. ഉദാഹരണമായി, ദൈവഭയ

മില്ലാതെ ജീവിച്ചുമരിച്ച ഒരു ധനവാനേക്കുറിച്ച് യേശു പറഞ്ഞിട്ടുണ്ട്. അയാളുടെ ശരീരം സംസ്ക്കരിച്ചുവെങ്കിലും ആത്മാവ് നരകത്തിൽ ചെന്ന്, കാഴ്ചകൾ കാണുകയും, സംസാരിക്കുകയും, ഓർക്കുകയും, കഷ്ടപ്പെടുകയും,"അഗ്നിജ്വാലയിൽ ദണ്ഡിക്കപ്പെട്ടപ്പോൾ" (ലൂക്കൊ 16:19-31) തന്റെ നാവിനെ തണുപ്പിക്കുവാൻ അല്പം വെള്ളം ആവശ്യപ്പെടുകയും ചെയ്യുന്നു.

## വിശ്വസിക്കുക!

നരകത്തെപ്പറ്റി വാദിക്കുവാൻ തുനിഞ്ഞാൽ നിങ്ങൾ ദൈവത്തോടൊയിരിക്കും തർക്കിക്കുന്നത്. നരകത്തേപ്പറ്റി നിങ്ങൾക്ക് ഇപ്പോൾ എന്തുതന്നെ തോന്നിയിരുന്നാലും, നിങ്ങൾ മരിക്കുന്ന നിമിഷം അഗ്നിജ്വാലയുടെ ദണ്ഡനത്തിലായിരിക്കുമെന്ന് കണ്ണു തുറക്കുമ്പോൾ ബോദ്ധ്യപ്പെടും. അപ്പോൾ കാലം ഏറെ വൈകിയിരിക്കും?

യേശു നിങ്ങളുടെ പാപങ്ങൾക്കായി കാൽവറി ക്രൂശിൽ മരിച്ചു — നിങ്ങൾ നിത്യനാശത്തിൽപെട്ടു നശിക്കുവാൻ ഇടയാകാതിരിപ്പാൻ തന്നെ. നിങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച്, യേശുവിനെ രക്ഷകനായി സ്വീകരിക്കുന്നുവെങ്കിൽ "വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്ന" അനുഭവത്തിലേക്കു കടക്കുവാൻ സാധിക്കും (യോഹ 3:16).

— *F. Wurst*

**പ്രത്യാശാദീപം**
മേഴ്സിഹോം, ചേപ്പാട് പി.ഒ
ആലപ്പുഴ ജില്ല 690 507


PRINTED IN USA